**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2384** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വിവിധ വില ഈടാക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യവകുപ്പിന് കീഴിൽ എന്തെങ്കിലും പരിശോധനാ സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തെ ഹോട്ടലുകളിലെ ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കീഴിൽ നിലവിൽ പരിശോധനാ സംവിധാനം ഇല്ല.<br><br>എന്നാൽ ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ, ഭക്ഷ്യ വിഭവങ്ങളുടെ നിലവാരവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് നിയമപരമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ട്രെയിനിംഗ് പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. സംസ്ഥാനത്ത് ഭക്ഷ്യോൽപ്പന്നങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ NABL അക്രെഡിറ്റേഷൻ ലഭിച്ച മൂന്ന് അനലിറ്റിക്കൽ ലാബുകളും, ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 മൊബൈൽ ഫുഡ്ടെസ്റ്റിംഗ് ലാബുകളും പ്രവർത്തിക്കുന്നു. |
| (ബി) | ചില ഹോട്ടലുകളിൽ ചായ ഉൾപ്പെടെയുള്ള വിവിധ ഭക്ഷണങ്ങൾക്ക് വലിയ വ്യത്യാസത്തോടെയുള്ള അമിത വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. പരാതികൾ ലഭിയ്ക്കുന്ന മുറയ്ക്ക് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഭക്ഷണങ്ങൾക്കും പാനീയങ്ങൾക്കും കൂടുതൽ വില ഈടാക്കുന്ന ഹോട്ടലുകൾക്ക് ഉണ്ടായിരിക്കേണ്ട അധിക സൗകര്യങ്ങളെക്കുറിച്ച് എന്തെങ്കിലും മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ അത്തരം മാനദണ്ഡങ്ങൾ ഭക്ഷ്യ പൊതുവിതരണ വകുപ്പിന് കീഴിൽ ഇല്ല.<br><br>ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിൽ, ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇൻഡ്യ ഹോട്ടലുകൾക്ക് രാജ്യമൊട്ടാകെ "ഹൈജീൻ റേറ്റിങ്" നടപ്പാക്കി തുടങ്ങിയിട്ടുള്ളതും അപ്രകാരം റേറ്റിംഗ് കിട്ടിയ സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ വെബ് സൈറ്റിൽ ലഭ്യമാക്കിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (ഡി) | ഹോട്ടലുകളിൽ ലഭിക്കുന്ന ഭക്ഷണങ്ങൾക്കും പാനീയങ്ങൾക്കും അധിക വില ഈടാക്കുന്നത് തടയാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിച്ചുവരുന്നത്; വിശദമാക്കാമോ? | (ഡി) | ഭക്ഷ്യ പൊതുവിതരണ വകുപ്പ്, ഭക്ഷ്യ സുരക്ഷാ വകുപ്പ്, ലീഗൽ മെട്രോളജി വകുപ്പ്, പോലീസ് എന്നീ വകുപ്പുകളുമായി ചേർന്ന് ഹോട്ടലുകളിൽ പരിശോധന നടത്തുകയും വിലവിവര പട്ടിക ഉപഭോക്താക്കൾ കാണത്തക്കവിധം പ്രദർശിപ്പിക്കാത്ത ഹോട്ടലുകൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ